# സ്കൂൾ അക്കാദമിക മാസ്റ്റർ പ്ലാൻ

# 2025-26

# സെന്റ് ആന്റണീസ് എൽ പി സ്കൂൾ ആലപ്പുഴ



# ആമുഖം

പൊതു വിദ്യാലയങ്ങൾ മികവിന്റെ കേന്ദ്രങ്ങളായി മാറുന്നു. നമ്മുടെ പൊതുവിദ്യാലയങ്ങളെ ഗുണനിലവാരത്തിൽ മുൻപന്തിയിൽ നിൽക്കുന്നതിന് ആവശ്യമായ അക്കാദമി ഇടപെടലുകൾ ആസൂത്രണം ചെയ്യുന്നതിനാണ് ഓരോ വിദ്യാലയങ്ങളും അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നത്.

ആധുനിക വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് അനുസരിച്ചും പുതുതായി നടപ്പാക്കുന്ന വിദ്യാഭ്യാസങ്ങൾക്ക് അനുസരിച്ച് കുട്ടികളുടെ ഭൗതിക മാനസിക വളർച്ചയ്ക്ക് സഹായം ആകുന്ന രീതിയിലാണ് ഈ പദ്ധതി രൂപകല്പന ചെയ്തിരുന്നത്.

സമഗ്ര വിദ്യാഭ്യാസം ഉറപ്പാക്കുകയും എല്ലാ കുട്ടികൾക്കും നിലവാരമുള്ള വിദ്യാഭ്യാസം നൽകുകയും ചെയ്യുകയാണ് മാസ്റ്റർ പ്ലാനിന്റെ പ്രധാന ലക്ഷ്യം. എല്ലാ പൊതുവിദ്യാലയങ്ങളും മികവിന്റെ മാതൃകകളായി മാറ്റുന്നതിന്റെ ഭാഗമായ ഈ പ്ലാൻ, വിദ്യാലയത്തിന് ഒരു വിശ്വസ്ത വഴികാട്ടിയാകും.

ഒരു വിദ്യാലയത്തിലെ ഓരോ കുട്ടിയുടെയും പഠന പുരോഗതിയും സമഗ്ര വികാസ് ഉറപ്പാക്കുന്നതിന് അക്കാദമി ആസൂത്രണം വിവിധ തലങ്ങളിൽ നടക്കേണ്ടതുണ്ട്. സ്കൂൾ അക്കാദമിക മാസ്റ്റർ പ്ലാൻ ഒരു പൊതുവായ ചട്ടക്കൂടാണ് ഇത് വിദ്യാലയത്തിന്റെ കാഴ്ചപ്പാടും അക്കാദമി ലക്ഷ്യങ്ങളും വിവോ വിനിയോഗവും പ്രവർത്തന പരിപാടികൾ ഉൾക്കൊള്ളുന്നു എന്നാൽ ഈ ലക്ഷ്യങ്ങൾ ഓരോ ക്ലാസ് മുറിയിലും ഓരോ കുട്ടിയുടെയും തലത്തിൽ പ്രാവർത്തികമാക്കേണ്ടതുണ്ട്.

പിടിഎ, എംടിഎ, അധ്യാപകർ, രക്ഷിതാക്കൾ, പൊതുസമൂഹം എന്നിവരുടെ സഹകരണത്തോടെ വിദ്യാലയം പുതിയ അധ്യായനവർഷവും മികവിന്റെ പാതയിൽ തുടങ്ങുകയാണ്. കുട്ടികളുടെ സമഗ്ര പുരോഗതിക്കായി ആസൂത്രണം ചെയ്ത അക്കാദമിക മാസ്റ്റർ പ്ലാൻ ലക്ഷ്യങ്ങൾ നേടിയെടുക്കുമെന്ന ഉറപ്പോടെ സമർപ്പിക്കുന്നു.

പിടിഎ പ്രസിഡണ്ട്
ഹെഡ്മാസ്റ്റർ
എം ടി എ പ്രസിഡന്റ്

സെന്റ് ആന്റണീസ് എൽ പി സ്കൂൾ ആലപ്പുഴ

ആലപ്പുഴ പട്ടണത്തിൻറെ ഹൃദയഭാഗമായ പഴവങ്ങാടിയിൽ ആലപ്പുഴ മുൻസിപ്പാലിറ്റി മുല്ലയ്ക്കൽ വാർഡിൽ സ്ഥിതി ചെയ്യുന്ന സെൻറ് ആൻറണീസ് എൽ.പി. സ്കൂൾ 1919 - ൽ പ്രവർത്തനം ആരംഭിച്ചു. ഗവ. എയ്ഡഡ് വിദ്യാലയമായ ഈ സ്കൂൾ ആരംഭിച്ചത്, ബഹുമാനപ്പെട്ട മുരിയ്ക്കൽ ചാക്കോച്ചനച്ചനാണ്. പള്ളിയോട് ചേർന്ന് പള്ളിക്കൂടങ്ങൾ ഉണ്ടാകണം എന്ന വിശുദ്ധ ചാവറ ഏലിയാസ് കുരിയാക്കോസ് അച്ചൻറെ ആഗ്രഹവും, അന്നത്തെ വൈദിക മേലദ്ധ്യക്ഷന്മാരുടെ സർക്കുലറുകളുടെ വെളിച്ചത്തിലും സ്ഥാപിച്ചതാണ് ഈ വിദ്യാലയം. അന്നുമുതൽ പഴവങ്ങാടി മാർശ്ലീവാ പള്ളിയുടെ വികാരിമാരാണ് ഈ സ്കൂളിൻറെ മാനേജർ. ഇപ്പോഴത്തെ ലോക്കൽ മാനേജർ റവ. ഫാ. ഫിലിപ്പ് തയ്യിൽ അച്ചനാണ്. തുടക്കം മുതൽ ഈ സ്കൂളിൻറെ പരിപാലനച്ചുമതല ബഹുമാനപ്പെട്ട സി.എം.സി. സിസ്റ്റേഴ്സിനെ ഏൽപ്പിച്ചിരുന്നു. 2015 വരെ പ്രഥമാദ്ധ്യാപകരായി ബഹുമാനപ്പെട്ട കർമ്മലീത്താസിസ്റ്റേഴ്സ് ഇതിനെ നയിച്ചു വന്നിരുന്നു. സിസ്റ്റർ ഏവുപ്രാസിയ സി.എം.സി. ആയിരുന്നു ആദ്യത്തെ ഹെഡ്മിസ്ട്രസ്. ഇപ്പോഴത്തെ പ്രഥമാധ്യാപകൻ ശ്രീ. ആന്റണി വി വി യാണ് 1953 - ൽ ചങ്ങനാശേരി അതിരൂപതാ മേലദ്ധ്യക്ഷൻ മാർ മാത്യു കാവുകാട്ടിൻറെ നിർദ്ദേശ പ്രകാരം ചങ്ങനാശേരി അതിരൂപതയുടെ കീഴിലുള്ള എല്ലാ എയ്ഡഡ് സ്കൂളുകളെയും ചേർത്ത് ചങ്ങനാശ്ശേരി അതിരൂപത കോർപ്പറേറ്റ് മാനേജ്മെൻറ് ഓഫ് സ്കൂൾസ് സ്ഥാപിച്ചു. അതോടുകൂടി സെൻറ്. ആൻറണീസ് എൽ.പി.എസ്. ചങ്ങനാശേരി അതിരൂപതാ കോർപ്പറേറ്റ് മാനേജ്മെൻറിൻറെ ഒരു ഭാഗമായി മാറി

## അടിസ്ഥാന വിവരങ്ങൾ

| | |
|---|---|
| സ്കൂളിന്റെ പേര് | സെന്റ് ആന്റണീസ് എൽ പി സ്കൂൾ ആലപ്പുഴ |
| മേൽവിലാസം | പഴവങ്ങാടി<br>അയൺബ്രിഡ്ജ് പി.ഒ., 688011, ആലപ്പുഴ ജില്ല |
| ഫോൺ | 0477 2238027 |
| സ്കൂൾ കോഡ് | 35212 |
| വിദ്യാഭ്യാസ ജില്ല | ആലപ്പുഴ |

| | |
|---|---|
| ഉപജില്ല | ആലപ്പുഴ |
| തദ്ദേശസ്വയംഭരണസ്ഥാപനം | ആലപ്പുഴ മുനിസിപ്പാലിറ്റി |
| നിയമസഭാമണ്ഡലം | അമ്പലപ്പുഴ |
| ലോകസഭാമണ്ഡലം | ആലപ്പുഴ |
| താലൂക്ക് | അമ്പലപ്പുഴ |
| വാർഡ് | 14 |
| സ്കൂൾ ഭരണ വിഭാഗം | എയ്ഡഡ് |
| സ്കൂൾ വിഭാഗം | പൊതുവിദ്യാലയം |
| ഇമെയിൽ | 35212.alappuzha@gmail.com |
| പ്രധാന അദ്ധ്യാപകൻ | ആന്റണി വി.വി. |

പൊതു ലക്ഷ്യങ്ങൾ

- സ്കൂളിൽ എത്തുന്ന എല്ലാ കുട്ടികൾക്കും അതാത് ക്ലാസ്സിൽ നേടേണ്ട പഠനശേഷികൾ കൈവരിച്ചു എന്ന് ഉറപ്പുവരുത്തുക.
- എല്ലാ കുട്ടികൾക്കും മലയാളം ഇംഗ്ലീഷ് ഭാഷകളിൽ എഴുതാനും വായിക്കാനുള്ള കഴിവ് ഉറപ്പുവരുത്തുക.
- ഓരോ കുട്ടിയും ഒന്നാമനാണ് എന്ന ലക്ഷ്യം മുൻനിർത്തി കുട്ടികളുടെ അഭിരുചി കഴിവ് എന്നിവയ്ക്ക് പരമാവധി പ്രോത്സാഹനവും ഉയർന്ന പരിശീലനം ലഭ്യമാക്കുക.
- വായന ഒരു സംസ്കാരമായി രൂപപ്പെടുത്താൻ ആവശ്യമായ തരത്തിലുള്ള പ്രവർത്തനങ്ങൾ ഒരുക്കുക
- ആധുനിക സാങ്കേതികവിദ്യ സാധ്യതകൾ കൂടുതൽ ഫലപ്രദമായ ക്ലാസ് മുറികളിൽ ഉപയോഗിക്കുന്നതിന് അധ്യാപകരെ ശാക്തീകരിക്കും അതുവഴി മെച്ചപ്പെട്ട അനുഭവങ്ങൾ കുട്ടികൾക്ക് ഉറപ്പുവരുത്തും

- ഒന്നാം ക്ലാസ് മുതൽ നാലാം ക്ലാസ് വരെയുള്ള മുഴുവൻ Motivational അക്കാദമിക സപ്പോർട്ടിനായി വർക്ക് ഷീ റ്റുകൾലഭ്യമാക്കും
- ആശ വർദ്ധിപ്പിക്കുവാൻ സഹായകന്മാരും സഹായകരമായ രീതിയിൽ വിദ്യാലയ പ്രവർത്തനങ്ങൾ സംഘടിപ്പിക്കും
- മാലിന്യമുക്ത വിദ്യാലയം ഹരിത പെരുമാറിച്ച സമ്പൂർണ്ണ പ്ലാസ്റ്റിക് നിരോധനം സുചിത്വം വേസ്റ്റ് മാനേജ്മെന്റ് മലിന ജലനിർമാർജനം തുടങ്ങിയവർ കൃത്യമായി നടപ്പാക്കൽ
- കൃഷി ഔഷധത്തോട്ടം ഉദ്യാനം എന്നിവയുടെ പ്രാധാന്യം മനസ്സിലാക്കുന്ന വിധത്തിലുള്ള ക്ലാസുകൾ നൽകും
- പോക്സോ സംബന്ധമായ ബോധവൽക്കരണം
- വിദ്യാലയം ഹൈടെക് ആക്കി മാറ്റുക
- രാസ ലഹരി മൊബൈൽ അഡിക്ഷൻ തുടങ്ങി യവയ്ക്കെതിരെ മുൻകരുതലുകൾ

| <u>നേട്ടങ്ങൾ</u> | <u>പരിമിതികൾ</u> |
|---|---|
| സമ്പന്നമായ ലൈബ്രറി, സാങ്കേതികവിദ്യപൂർണമാ‍ ലാബ്, ആധുനിക കമ്പ്യൂട്ടർ പഠന സൗകര്യങ്ങൾ ലഭ്യമാണ്. | വിദ്യാലയം വായനയ്ക്കു നല്ല പ്രോത്സാഹനം നൽകുന്നുണ്ടെങ്കിലും, മനോഹരമായി പുസ്തകങ്ങൾ വായിക്കുന്ന കുട്ടികളുടെ എണ്ണം കുറവാണ്. ഇത് മെച്ചപ്പെടുത്തുന്നതിനായി കൂടുതൽ വായനാ പ്രേരണാ പരിപാടികൾ ആവിഷ്കരിക്കേണ്ടതുണ്ട്. |
| പഠനത്തിൽ പ്രത്യേക പരിഗണന ആവശ്യമായ വിദ്യാർത്ഥികൾക്ക് ആവശ്യമായ പിന്തുണയും പരിഹാരവുമുള്ള സംവിധാനങ്ങൾ ലഭ്യമാണ്. | |
| പ്രത്യേകം ശ്രദ്ധയും പിന്തുണയും ആവശ്യമുള്ള കുട്ടികൾക്ക് വ്യക്തിഗത പിന്തുണയോടുകൂടിയ സ്പെഷ്യൽ സപ്പോർട്ട് നൽകുന്നു | പൊതുവിജ്ഞാന രംഗത്ത് കുട്ടികളുടെ പിന്നോക്കാവസ്ഥക്ക് തക്ക പരിഹാര നടപടികൾ സ്വീകരിക്കേണ്ടതുണ്ട്. |
| പഠനത്തിൽ പ്രത്യേക പരിഗണന ലഭിക്കേണ്ട കുട്ടികൾക്ക് പരിഹാരബോധനം ലഭ്യമാകുന്നു | പഠനത്തിൽ പിന്നോക്കതയുള്ള കുട്ടികൾക്ക് കൂടുതൽ ഫലപ്രദമായ പരിഹാരബോധന സംവിധാനങ്ങൾ നടപ്പാക്കാൻ ആവശ്യമാണ്. |
| സർഗാത്മകതയും ആശയ പ്രകടനവും പ്രോത്സാഹിപ്പിക്കുന്ന വിവിധ വേദികൾ വഴി | ഐ.ഇ.ഡി. (Inclusive Education for the Disabled) വിഭാഗത്തിൽപ്പെട്ട കുട്ടികൾക്ക് കൂടുതൽ |

| | |
|---|---|
| വിദ്യാർത്ഥികളുടെ മുഴുവൻവഴിയിലുള്ള വളർച്ചക്ക് ഊർജ്ജം നൽകുന്ന വിദ്യാലയം. | കാര്യക്ഷമമായ പിന്തുണാ സംവിധാനം ഉറപ്പാക്കേണ്ടതുണ്ട്. |

## പ്രവർത്തന പദ്ധതികൾ

### മലയാളം

പ്രവർത്തനം 1
പുസ്തകം എന്റെ ചങ്ങാതി
ഉപമേഖല :- വായന

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കുട്ടികളിൽ സാഹിത്യ അഭ്യ വളർത്തുക | പുസ്തകങ്ങൾ ലൈബ്രറിക്ക് മുന്നിൽ കുട്ടികൾക്ക് പരിചയപ്പെടുത്തുന്നതിനായി പ്രദർശിപ്പിക്കുന്നു. | ആഴ്ചയിൽ ഒരു ദിവസം( രണ്ടു പുസ്തകം ) | ക്ലാസ് ടീച്ചർ | |

പ്രവർത്തനം 2
ഉച്ചഭാഷിണി വായന
ഉപമേഖല :- വായന

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| അർത്ഥപൂർണ്ണമായി വായിക്കാൻ കുട്ടികൾക്ക് കഴിയുന്നു. പ്രവർത്തനങ്ങൾ | ഉച്ചഭാഷിണിയുടെ ഒരു ദിനം ഒരു കുട്ടിയുടെ വായന | ജൂൺ മുതൽ മാർച്ച് വരെ | ചുമതല ക്ലാസ് ടീച്ചർ | |

പ്രവർത്തനം 3
പേര് അക്ഷരക്കൂട്ടം വായന മൂല
ഉപമേഖല :- വായന

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| മികച്ച വായനക്ഷയം | പ്രവർത്തനങ്ങൾ ഒഴിവുസമയങ്ങളിൽ വായിക്കുവാൻ ഓരോ ഗ്ലാസ് കളിലും | ജൂൺ മുതൽ മാർച്ച് വരെ | സ്കൂൾ ലൈബ്രറി കമ്മിറ്റി ക്ലാസ് | |

പ്രവർത്തനം 3
പേര് അക്ഷരക്കൂട്ടം വായന മൂല
ഉപമേഖല :- വായന

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വളർത്തുക | പ്രത്യേകം വായന എടുക്കുന്നു ക്ലാസ് റൂം പ്രക്രിയയിൽ ഇതിന്റെ സാധ്യത പരമാവധി പ്രയോജനപ്പെടുത്തുന്നു. | | ടീച്ചർ | |

പ്രവർത്തനം 4
പേര് ക്ലാസ് തല കൈയെഴുത്ത് മാഗസിൻ
ഉപമേഖല :- ലേഖനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ആശയങ്ങൾ വിവിധതരത്തിൽ ആവിഷ്കരിക്കുന്ന തിനുള്ള കഴിവ് നേടുക | പ്രവർത്തനങ്ങൾ ഓരോ മാസത്തിലെ പഠന പ്രവർത്തനങ്ങളുടെയും മികച്ച പ്രവർത്തനങ്ങൾ ഉൾക്കൊള്ളിച്ച് ക്ലാസ് തല കൈയെഴുത്ത് മാഗസിൻ ഒരിക്കൽ. | കാലം എല്ലാ മാസവും | ക്ലാസ് ടീച്ചർ | |

പ്രവർത്തനം 5
പേര് വായന കുറിപ്പുകൾ
ഉപമേഖല :- ലേഖനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം വിശകലനം |
|---|---|---|---|---|
| എല്ലാ കുട്ടികളെയും അർത്ഥപൂർണ്ണമായി വായിക്കുന്നതിനും എഴുതുന്നതിനും പ്രാപ്തരാക്കുക. | വായിച്ച പുസ്തകങ്ങളെ കുറിച്ചുള്ള വായനക്കുറിപ്പ് തയ്യാറാക്കൽ, ചെറിയ ക്ലാസ്സിൽ വായനക്കാർഡ് തയ്യാറാക്കൽ. വായനാക്കുറിപ്പിനുള്ള പുസ്തകം വിദ്യാലയം നൽകുന്നു. | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ് ടീച്ചർ | |

പ്രവർത്തനം 6
പേര് സർഗ്ഗ വേള
ഉപമേഖല :- പ്രകടന വേദികൾ പാട്ടരങ്ങ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം വിശകലനം |
|---|---|---|---|---|
| ഭാവപ്രകടനം ശബ്ദപ്രയോഗം സംഗീതാത്മകത തുടങ്ങിയ വൈവിധ്യങ്ങളിലൂടെ ഭാഷാജ്ഞാനവും ആത്മവിശ്വാസവും | കുട്ടികൾ ആസ്വദിക്കുന്ന പാട്ടുകൾ പഠിപ്പിച്ച് അതിന്റെ അവതരണം ഘടിപ്പിക്കുന്നു രാഘതാളങ്ങളുമായി അനുബന്ധിക്കുന്ന ഭാവങ്ങൾ അവതരിപ്പിക്കുന്നു. | ജൂൺ മുതൽ മാർച്ച് വരെ | സ്കൂൾ ഭാഷാ ക്ലബ്, ക്ലാസ് ടീച്ചർ | |

| | | | | |
|---|---|---|---|---|
| വളർത്തുക.. | | | | |

പ്രവർത്തനം 7
പേര് ഭാഷോത്സവം
ഉപമേഖല :- പ്രകടന വേദികൾ പാട്ടരങ്ങ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം വിശകലനം |
|---|---|---|---|---|
| ഭാഷയുടെ യുപി ആശയവിനിമ രൂപങ്ങൾ മനസ്സിലാക്കുക ..ഭാഷാനൈപുണ്യം പ്രകടിപ്പിക്കുക. | കുട്ടികൾ ആസ്വദിക്കുന്ന പാട്ടുകൾ പഠിപ്പിച്ച് അതിന്റെ അവതരണം ഘടിപ്പിക്കുന്നു രാഘതാളങ്ങളുമായി അനുബന്ധിക്കുന്ന ഭാവങ്ങൾ അവതരിപ്പിക്കുന്നു. | ജൂൺ മുതൽ മാർച്ച് വരെ | സ്കൂൾ ഭാഷാ ക്ലബ്,ക്ലാസ് ടീച്ചർ | |

പ്രവർത്തനം 8
പേര് സർഗ്ഗ വേള
ഉപമേഖല :- പ്രകടന വേദികൾ പാട്ടരങ്ങ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം വിശകലനം |
|---|---|---|---|---|
| ഭാവപ്രകടനം ശബ്ദപ്രയോഗം സംഗീതാത്മകത തുടങ്ങിയ വൈവിധ്യങ്ങളിലൂടെ ഭാഷാജ്ഞാനവും ആത്മവിശ്വാസവും വളർത്തുക.. | കുട്ടികൾ ആസ്വദിക്കുന്ന പാട്ടുകൾ പഠിപ്പിച്ച് അതിന്റെ അവതരണം ഘടിപ്പിക്കുന്നു രാഘതാളങ്ങളുമായി അനുബന്ധിക്കുന്ന ഭാവങ്ങൾ അവതരിപ്പിക്കുന്നു. | ജൂൺ മുതൽ മാർച്ച് വരെ | സ്കൂൾ ഭാഷാ ക്ലബ്,ക്ലാസ് ടീച്ചർ | |

പ്രവർത്തനം 9
പേര് ഭാഷോത്സവം
ഉപമേഖല :- പ്രകടന വേദികൾ പാട്ടരങ്ങ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം വിശകലനം |
|---|---|---|---|---|
| ഭാഷയുടെ യുപി ആശയവിനിമ രൂപങ്ങൾ | ഭാഷാ പ്രസംഗം കഥപറയൽ കവിത പാരായണം ഭാഷാപോസ്റ്ററുകൾ | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ് ടീച്ചർ | |

| | | | | |
|---|---|---|---|---|
| മനസ്സിലാക്കുക ഭാഷാനൈപുണ്യം പ്രകടിപ്പിക്കുക.. | എന്നിവയുടെ പങ്കാളിത്തത്തിലൂടെ കുട്ടികൾക്ക് ഭാഷാ മികവ് പ്രകടിപ്പിക്കാൻ അവസരം. | | | |

| പ്രവർത്തനം 10<br>പേര് അരങ്ങത്തേക്ക്<br>ഉപമേഖല :- ഉപമേഖല അവതരണശേഷി വികസനം | | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം വിശകലനം |
| ആത്മവിശ്വാസം വർദ്ധിപ്പിക്കുകയും വേദികളിൽ ആശയവിനിമയം അറിയിക്കാൻ സഹായിക്കുക. | കുട്ടികൾ പഠിച്ചിട്ടുള്ള സന്ദർഭങ്ങൾ കഥകൾ സംവാദങ്ങൾ തുടങ്ങിയവ ആസ്പദമാക്കി അവതരണവും പ്രകടനവും ഉള്ള ഒരു ക്ലാസ്സരം ഒരുക്കുന്നു. | ജൂൺ മുതൽ മാർച്ച് വരെ | പിടിഎ, ക്ലാസ് ടീച്ചർ | |

## ഇംഗ്ലീഷ്

| പ്രവർത്തനം 1<br>പേര് ഇംഗ്ലീഷ് അസംബ്ലി<br>ഉപമേഖല :- ഉപമേഖല പ്രകടന വേദികൾ | | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം വിശകലനം |
| ഇംഗ്ലീഷിലുള്ള ആവിഷ്കാരങ്ങൾക്ക് അവസരം നൽകൽ | പ്രവർത്തനങ്ങൾ ആഴ്ചയിൽ ഒരു ദിനം കുട്ടികൾ തന്നെ അസംബ്ലിയുടെ മുഴുവൻ പരിപാടികളും ഇംഗ്ലീഷിൽ അവതരിപ്പിക്കുന്നു. | ആഴ്ചയിൽ ഒരു ദിവസം | ക്ലാസ് ടീച്ചർ | |

| പ്രവർത്തനം 2<br>പേര് ഇംഗ്ലീഷ് ഡയറി മൂന്ന് നാല് ക്ലാസുകളിൽ<br>ഉപമേഖല :- ഉപമേഖല ലേഖനം | | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം വിശകലനം |
| ഇംഗ്ലീഷ് രചന മെച്ചപ്പെടുത്തുക. | ഓരോ ദിവസത്തെയും വീട്ടിലെയും വിദ്യാലയത്തിലെയും അനുഭവങ്ങൾ ഇംഗ്ലീഷിൽ എഴുതുക | ആഴ്ചയിൽ ഒരു ദിവസം | ക്ലാസ് ടീച്ചർ | |

| പ്രവർത്തനം : 3<br>പേര് : റീഡിങ് കാർഡ് വർക്ക് ഷോപ്പ്<br>ഉപമേഖല : :- ഉപമേഖല വായന സാമഗ്രി | | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം വിശകലനം |
| രക്ഷിതാക്കളെ ഉപയോഗിച്ച് ഇംഗ്ലീഷ് റീഡിങ് കാർഡ് നിർമ്മിക്കൽ. | രക്ഷിതാക്കളെ ഉപയോഗിച്ച് ഇംഗ്ലീഷ് റീഡിങ് കാർഡ് നിർമ്മിക്കൽ. | ജൂൺ | പിടിഎ, ക്ലാസ് ടീച്ചർ | |

| പ്രവർത്തനം : 4<br>പേര് : Work sheet workshop<br>ഉപമേഖല :- : അധ്യാപക ശാക്തീകരണം | | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം വിശകലനം |
| മുഴുവൻ കുട്ടികളും ഇംഗ്ലീഷ് ഭാഷയിൽ പ്രാവീണ്യം നേടുക. | ഭിന്നനിലവാരക്കാരായ കുട്ടികൾക്കായി വർക്ക് ഷീ റ്റുകൾ തയ്യാറാക്കുന്നു അധ്യാപക നേതൃത്വത്തിൽ. | ജൂലൈ | എസ് ആർ ജി | |

പ്രവർത്തി പരിചയം

| പ്രവർത്തനം : 1<br>പേര് : ഒറിഗാമി<br>ഉപമേഖല : കരകൗശല പരിശീലനം | | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം വിശകലനം |
| ഇതര വിഷയമായി പഠനവുമായി പ്രവർത്തിപരിചയനുഭവത്തെ ബന്ധിപ്പിക്കുക | ഒറിഗാമിയിൽ അധ്യാപകർക്ക് പരിശീലനം നൽകുക. നിർമ്മാണ പ്രവർത്തനങ്ങൾക്കാവശ്യമായ പരിശീലനം ലഭ്യമാക്കൽ. | ജൂലൈ | റിസോഴ്സ് പേഴ്സൺ | |

| പ്രവർത്തനം : 2<br>പേര് : സർഗ്ഗ വേദി<br>ഉപമേഖല : സർഗ്ഗ വേദി ഉപമേഖല പ്രകടന വേദികൾ | | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം വിശകലനം |
| കലാ അഭിരുചി വളർത്തുക കുട്ടികളുടെ സർഗാത്മക കഴിവുകൾ. | ആഴ്ചയിൽ ഒരു ദിവസം എല്ലാ ക്ലാസിലും സർഗ്ഗ വേദി നടത്തൽ.നേതൃത്വം വിദ്യാർത്ഥികൾ | എല്ലാ ആഴ്ചയിലും | എസ് ആർ ജി | |

| പ്രവർത്തനം : 3<br>പേര് : ടാലൻ ലാബുകൾ<br>ഉപമേഖല | | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം വിശകലനം |
| ഓരോ കുട്ടിയും ഒന്നാമൻ ആണെന്ന് ബോധം ജനിപ്പിക്കുന്ന തരത്തിലുള്ള പരിശീലന പരിപാടികൾ ഒരുക്കുക. | നൃത്തം, ക്രാഫ്റ്റ് വർക്ക്, സൂമ്പ ഡാൻസ് മേഖലകളിൽ കുട്ടികൾക്ക് പരിശീലനം | എല്ലാ മാസത്തിലും | എസ് ആർ ജി | |

ആരോഗ്യ കായിക വിദ്യാഭ്യാസം

| പ്രവർത്തനം : 4<br>പേര് : ഹെൽത്ത് ചെക്കപ്പ്<br>ഉപമേഖല : ആരോഗ്യം | | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം വിശകലനം |
| എല്ലാ കുട്ടികൾക്കും കായികാരോഗ്യക്ഷമത ഉറപ്പുവരുത്തുക. | എല്ലാ കുട്ടികൾക്കും ഉറപ്പുവരുത്താനായി ആദ്യ ടെർമിൽ ഹെൽത്ത് ചെക്കപ്പ്. | ജൂൺ - സെപ്റ്റംബർ | പിടിഎ | |

| പ്രവർത്തനം : 5<br>പേര് : കായിക വിദ്യാഭ്യാസം അധ്യാപക ശില്പശാല<br>ഉപമേഖല | | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |

| | | | | വിശകലനം |
|---|---|---|---|---|
| ആരോഗ്യകായിക വിദ്യാഭ്യാസത്തിന്എല്ലാ കുട്ടികൾക്കും അവസരം. | പിടി പിരീഡിൽ ഫിസിക്കൽ എക്സൈസസ് ഗെയിംസ് എന്നിവ നൽകുന്നതിന് ക്ലാസ് ടീച്ചർക്ക് പരിശീലനം നൽകൽ. | ജൂൺ -മാർച്ച് | എസ് ആർ ജി | |